(ഡി) കേരളത്തിൽ വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ലാത്ത ഭവനങ്ങളെ സംബന്ധിച്ച് കണക്കുകൾ ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ "ആക്സിലറേറ്റഡ് റൂറൽ ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ്" പദ്ധതി അനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായുള്ള റവന്യൂ വില്ലേജുകളിൽ വരുന്ന 2700 ഗ്രാമ പ്രദേശങ്ങൾ വൈദ്യുതീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ വൈദ്യുതീകരിക്കുന്നതിന് 931.74 ലക്ഷം രൂപ ചെലവ് വരും. ഒരു കണക്ഷന് 1500 രൂപ പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കും, 2700 ഗ്രാമപ്രദേശങ്ങളുടെ വൈദ്യുതീകരണത്തിനായി ഏകദേശം 348.11 കോടി രൂപ ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. 90 ശതമാനം തുകയും കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കും.

(സി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡ് വരുന്നതും പോസ്റ്റ് വേണ്ടാത്തതുമായ ഉപഭോക്താക്കളേയും ഇതുവരെ വൈദ്യുതി എത്താത്ത പ്രദേശങ്ങളെയുമാണ് കേന്ദ്ര സർക്കാരിന്റെ "ആക്സിലറേറ്റഡ് റൂറൽ ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ തെരഞ്ഞെടുക്കുന്നത്.

(ഡി) 2001-ലെ സെൻസസ് പ്രകാരം 19,62,484 ഭവനങ്ങൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്തതായി അവശേഷിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

2004-05-ലെ വൈദ്യുതി വികസന പദ്ധതികൾ

2 [2619] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തിൽ വൈദ്യുതി വിതരണ മേഖലയ്ക്കായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി വർഷത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വകയിരുത്തിയതിൽ എത്ര തുക ചെലവഴിച്ചുവെന്നും അതുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പറയാമോ;

(ഡി) ലക്ഷ്യമിട്ടിരുന്ന പ്രകാരം ടി പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് സർക്കാരിന് ഉറപ്പുണ്ടോ;

(ഇ) എങ്കിൽ ആയത് ഉറപ്പാക്കാനായി സ്വീകരിച്ച പ്രത്യേക നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 2004-05 വർഷത്തിൽ വൈദ്യുതി വിതരണ മേഖലയ്ക്കായി 304 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പുതുക്കിയ ബഡ്ജറ്റനുസരിച്ച് ഇതിലേക്കായി 257.5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) 2004-05 വർഷത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1.	സർവ്വീസ് കണക്ഷനുകൾ ..	4.6	ലക്ഷം
2.	11 കെ. വി. ലൈനുകളുടെ നിർമ്മാണം ..	2850	കി. മീ.
3.	എൽ. റ്റി. ലൈനുകളുടെ നിർമ്മാണം ..	4100	കി. മീ.
4.	ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ ..	3600	എണ്ണം
5.	കേടായ മീറ്ററുകൾ മാറ്റിവയ്ക്കുക ..	5	ലക്ഷം
6.	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ ..	22000	എണ്ണം

ഇവ കൂടാതെ എ. പി. ഡി. ആർ. പി. പദ്ധതിയിൽ ഉൾപ്പെടുത്തി മുന്ന് സർക്കിളുകളിലും 33 ടൗൺ സ്കീമുകളിലുമായി എനർജി മീറ്ററുകൾ സ്ഥാപിക്കുക, 11 കെ. വി. ലൈൻ നിർമ്മിക്കുക, കണ്ടക്ടർ മാറ്റി സ്ഥാപിക്കുക, 100 കെ. വി. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ബില്ലിംഗിന് സെക്ഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുക, വിതരണ നഷ്ടം കുറയ്ക്കുന്നതിനായി എച്ച്. റ്റി. എൽ. റ്റി. അനുപാതം കുറയ്ക്കുക എന്നീ പദ്ധതികളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-1-2005 വരെ വിതരണ മേഖലയിലെ പദ്ധതികൾക്കായി 123.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികൾ:

1.	സർവ്വീസ് കണക്ഷൻ	.. 4,51,501 എണ്ണം
2.	11 കെ. വി. ലൈനുകളുടെ നിർമ്മാണം	.. 674.758 കി. മീ.
3.	എൽ. റ്റി. ലൈനുകളുടെ നിർമ്മാണം	.. 4724.497 കി. മീ.
4.	ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	.. 1458 എണ്ണം
5.	കേടായ മീറ്റർ മാറ്റിവയ്ക്കൽ	.. 2,97,685 എണ്ണം
6.	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ	.. 45,523 എണ്ണം
7.	ബില്ലിംഗ് സെക്ഷൻ കമ്പ്യൂട്ടർ വൽക്കരണം	.. 180 എണ്ണം

(ഡി & ഇ) സാധന സാമഗ്രികളുടെ ദൗർലഭ്യമായിരുന്നു ലക്ഷ്യങ്ങൾ നേടാനുള്ള തടസ്സം. അത് തരണം ചെയ്യാനായി കേന്ദ്രീകൃതമായിരുന്ന പർച്ചേസ് വികേന്ദ്രീകരിച്ച് വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്ക് സാധന സാമഗ്രികൾ വാങ്ങാനുള്ള അധികാരം നൽകിയിട്ടുണ്ട്. റീഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് പോസ്റ്റുകളുടെ നിർമ്മാണം പ്രാദേശിക ഏജൻസികളെ ഏൽപ്പിച്ചുകഴിഞ്ഞു.

സാധന സാമഗ്രികൾ വാങ്ങുന്നതിനും പണികൾക്കും ആവശ്യമായ തുക സമയാസമയങ്ങളിൽ എല്ലാ സെക്ഷനാഫീസുകൾക്കും നൽകിവരുന്നു.

സംസ്ഥാനത്തിന്റെ വൈദ്യുതി വാങ്ങലും വിൽക്കലും

3 [2620] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് മറ്റു സംസ്ഥാനങ്ങൾക്കോ സ്ഥാപനങ്ങൾക്കോ ഇപ്പോൾ വൈദ്യുതി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് വൈദ്യുതി നൽകുന്നതെന്നും എന്തു വിലയ്ക്കാണ് നൽകുന്നതെന്നും എത്ര യൂണിറ്റ് വൈദ്യുതി നൽകുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറമേ നിന്നും കേന്ദ്ര പൂളിൽ നിന്നും ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ഡി) ഇതിന് നൽകിവരുന്ന വില സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly